## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *226

10/12/2014-ൽ മറുപടിക്ക്

## മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കപ്പെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തു സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി വകുപ്പിൽ രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി, എറണാകുളത്തെ റീജീണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി എന്നിവയാണ് പ്രസ്തുത ലാബുകൾ. |
| സി) സംസ്ഥാനത്ത് പ്രതിവർഷം വിവിധ ബ്രാൻഡുകളിലായി എത്ര ബാച്ച് മരുന്നുകൾ വിറ്റഴിക്കപ്പെടുന്നുണ്ട്; ഇതിൽ എത്ര ബാച്ച് മരുന്നുകളുടെ ഗുണനിലവാര പരിശോധന പ്രതിവർഷം നടത്താൻ കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | സി) സംസ്ഥാനത്ത് പ്രതിവർഷം ഉദ്ദേശം 2.4 ലക്ഷം ബാച്ച് മരുന്നുകൾ വിറ്റഴിക്കപ്പെടുന്നുണ്ട് എന്നാണ് കണക്ക്. ഇതിൽ ഏകദേശം 3 ശതമാനം ആണ് റാൻഡം സാംപ്ലിംഗ് നടത്തി ഗുണനിലവാര പരിശോധനയ്ക്കായി ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് അയയ്ക്കുന്നത്. |
| ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തു | ഡി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി നിലവിൽ തിരുവനന്തപുരത്തും |

നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

എറണാകുളത്തുമായി രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട എന്നിവിടങ്ങളിൽ മൂന്ന് ലാബുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു. തൃശ്ശൂരിൽ ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ടയിൽ ലാബ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ